**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5841** **08-07-2024 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ സാക്ഷരത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തെ ഡിജിറ്റൽ സാക്ഷരത കൈവരിക്കുന്ന സംസ്ഥാനമാക്കുന്നതിനുള്ള ഉദ്യമത്തിന്റെ ഭാഗമായി എല്ലാ പൗരൻമാർക്കും അടിസ്ഥാന ഡിജിറ്റൽ സാക്ഷരത ലഭ്യമാക്കി പൊതുജനങ്ങളെ ബോധവൽക്കരിക്കാൻ എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ എല്ലാ പൗരന്മാർക്കും ഡിജിറ്റൽ സാക്ഷരത ഉറപ്പാക്കി സമ്പൂർണ ഡിജിറ്റൽ സാക്ഷരത കൈവരിക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമാക്കി കേരളത്തെ മാറ്റുക എന്ന ലക്ഷ്യത്തിനായാണ് 'ഡിജി കേരളം' ആവിഷ്കരിച്ചിട്ടുള്ളത്. പദ്ധതിയുമായി ബന്ധപ്പെട്ട് വോളന്റിയർ രജിസ്ട്രേഷൻ നടന്നുവരുന്നതും, ഡിജിറ്റൽ പഠനം ആവശ്യമായ പഠിതാക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആരംഭിച്ചിട്ടുള്ളതുമാണ്. തുടർന്ന് വോളന്റിയർമാർക്കുള്ള പരിശീലനം, പഠിതാക്കളുടെ പരിശീലനം , പരിശീലനം ലഭിച്ച പഠിതാക്കളുടെ മൂല്യനിർണയം , പുനഃ പരിശീലനം ലഭിച്ച പഠിതാക്കളുടെ മൂല്യനിർണയം എന്നിവയാണ് ഇക്കാര്യത്തിൽ ആവിഷ്കരിച്ചിട്ടുള്ള നടപടിക്രമങ്ങൾ . |
| (ബി) | പ്രസ്തുത പദ്ധതിയുടെ സന്ദേശം ജനങ്ങളിൽ എത്തിക്കുന്നതിനായി നടത്തിയ ഡിജിവാരം, ഡിജി സഭകൾ എന്നീ പ്രചാരണ പരിപാടികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഡിജിറ്റൽ സാക്ഷരത പഠിതാക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടപടികൾ ആരംഭിയ്ക്കുന്നതുമായി ബന്ധപ്പെട്ട് 2024 ഫെബ്രുവരി 11 മുതൽ 18 വരെ "ഡിജി വാരമായി" ആചരിച്ചിരുന്നു. ഡിജിറ്റൽ സാക്ഷരതയുമായി ബന്ധപ്പെട്ട് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി, സാക്ഷരത മിഷൻ, ലൈബ്രറി കൗൺസിൽ, എൻ എസ് എസ് എന്നിവരുമായി ചേർന്ന് പരിപാടികൾ സംഘടിപ്പിച്ചിരുന്നു.<br><br>ഡിജിറ്റൽ സാക്ഷരതയുടെ പ്രാധാന്യം മുൻനിർത്തി എല്ലാ ഗ്രാമപഞ്ചായത്തുകളിലും, മുൻസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും |

| | | | |
|---|---|---|---|
| | | | പ്രത്യേക അയൽക്കൂട്ടങ്ങൾ ചേരുകയും ഡിജിറ്റൽ പ്രതിജ്ഞ ചൊല്ലുകയും ചെയ്തിരുന്നു. |
| (സി) | ഡിജിറ്റൽ സാക്ഷരതയുടെ പ്രാധാന്യം ജനങ്ങളിൽ എത്തിക്കുന്നതിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ എന്തെല്ലാം പങ്കാണ് വഹിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | ഡിജിറ്റൽ സാക്ഷരത പദ്ധതിയുടെ വോളന്റിയർ പ്രവർത്തനങ്ങൾക്കായി കുടുംബശ്രീ പ്രവർത്തകരുടെ സേവനം ലഭിച്ചിട്ടുണ്ട്. പഠിതാക്കൾക്കുള്ള പരിശീലനം നടത്തുന്നതിന് കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പ് അംഗങ്ങളുടെ സേവനം ആവശ്യമാണ്. എല്ലാ തദ്ദേശസ്ഥാപനങ്ങളിലെയും വാർഡ് തല/ ഡിവിഷൻ തല മോണിറ്ററിംഗ് സമിതിയിൽ കുടുംബശ്രീ എ ഡി എസ്, സി ഡി എസ് പ്രതിനിധികൾ അംഗങ്ങളാണ്. |
| (ഡി) | കുടുംബശ്രീ സി.ഡി.എസ്.-കൾ വഴി സെലിബ്രിറ്റികളെയും സാംസ്കാരിക പ്രവർത്തകരേയും ഉൾപ്പെടുത്തി ജനകീയ കാമ്പയിൻ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ഡിജി കേരളം പദ്ധതിയുടെ ക്യാമ്പയിൻ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പ്രചാരണ പരിപാടികൾ കുടുംബശ്രീ പ്രവർത്തകരെ പങ്കെടുപ്പിച്ച് നടത്തുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ